# ബാങ്ക് ഉപഭോക്താക്കളുടെ അവകാശങ്ങൾ





Banking Codes and Standards Boards of India

RBL BANK
apno ka bank

**BANKING CODES AND STANDARDS BOARD OF INDIA**
www.bcsbi.org.in




പ്രിയപ്പെട്ട വായനക്കാരേ,

വളരെ സന്തോഷപൂർവ്വം ഞാൻ ബാങ്ക് 'ഉപഭോക്താക്കളുടെ അവകാശങ്ങൾ' എന്ന ഈ ചിത്ര പുസ്തകം നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കയാണ്. ഉപഭോക്താക്കളെ ബാങ്ക് സേവനങ്ങളെ കുറിച്ചും അവരുടെ അവകാശങ്ങളെ കുറിച്ചും ബോധവൽക്കരിക്കാൻ ബി.സി എസ് ബി ഐ യുടെ ഒരു എളിയ ശ്രമമാണ് ഈ പുസ്തകം.

പ്രധാന മന്ത്രിയുടെ ജൻ ധൻ യോജനയുടെ കീഴിൽ ഇതു വരെ ഏകദേശം 25 കോടി ബാങ്ക് അക്കൗണ്ടുകൾ രാജ്യമൊട്ടാകെ തുടങ്ങിക്കഴിഞ്ഞു. അതുകൊണ്ടു തന്നെ ബാങ്കുകളുടെ വിവിധ സേവനങ്ങളെ കുറിച്ച് ഉപഭോക്താക്കൾ അറിയേണ്ടത് വളരെ സുപ്രധാനമായ കാര്യമാണ്.

വിവര സാങ്കേതിക വിദ്യ വികസിച്ചതോടെ ബാങ്കിടപാടുകൾ ഇന്റർനെറ്റിലൂടെയും എടിഎം വഴിയുമൊക്കെ ആയപ്പോൾ ഇടപാടുകൾ നടത്തുന്നത് എളുപ്പമായി. പക്ഷേ പറ്റിക്കപ്പെടാനുള്ള അവസരം കൂടുകയും ചെയ്തു. അതുകൊണ്ടു തന്നെ ഇത്തരം തട്ടിപ്പുകൾക്കെതിരെ മുൻകരുതൽ എടുക്കേണ്ടത് എങ്ങനെയെണ് ഉപഭോക്താക്കൾ അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്.

ഇത്തരം ഒരു കാഴ്ചപ്പാട് മുൻ നിറുത്തിയാണ് ഇങ്ങനെ ഒരു ചിത്ര പുസ്തകം പ്രസിദ്ധികരിക്കുന്നത്. എല്ലാ വായനക്കാർക്കും ഈ പുസ്തകം ഉപകാരപ്രദമാവുമെന്നു വിശ്വാസിക്കുന്നു. ഒപ്പം തന്നെ, അംഗങ്ങളായ ബാങ്കുകൾ സാമ്പത്തിക ഉൾക്കൊള്ളലിന്റെ ഭാഗമായി ഈ പുസ്തകം പ്രസിദ്ധീകരിച്ച് വിതരണം നടത്തുന്നതായിരിക്കും.

**(എ സി മഹാജൻ)**
ചെയർമാൻ

ഒക്ടോബർ 17, 2016


C-7, Reserve Bank of India Building, 4th Floor, Bandra-Kurla Complex, Mumbai - 400 051.
Tel: (022) 2657 8100 Ext. 7410/7622 Fax: (022) 2657 3719 help.bcsbi@rbi.org.in

# ഉള്ളടക്കം



1. ബേസിക് സേവിംഗ്സ് ബാങ്ക് ഡെപ്പോസിറ്റ് അക്കൗണ്ട് തുടങ്ങുന്നതിനെ സംബന്ധിച്ച് (ബി എസ് ബി ഡി) - ചെറിയ അക്കൗണ്ട് വളരെ എളുപ്പം
2. നിക്ഷേപ അക്കൗണ്ടുകൾക്ക് പ്രത്യേക നിബന്ധനകൾ
3. സേവിങ്ങ് ബാങ്ക് അക്കൗണ്ടിൽ ഉണ്ടായിരിക്കേണ്ട, ഏറ്റവും കുറഞ്ഞ നിക്ഷേപ തുകയെ കുറിച്ചുള്ള നിബന്ധനകൾ
4. നിക്ഷേപ അക്കൗണ്ടുകളിലെ നാമ നിർദേശത്തെ കുറിച്ചുള്ള വിവരങ്ങൾ
5. സേവിങ്ങ് ബാങ്ക് അക്കൗണ്ടിൽ ചെക്ക് നിക്ഷേപിക്കാനുള്ള മാർഗങ്ങൾ
6. നിഷ്ക്രിയമായതും, പ്രവർത്തന സാദ്ധ്യമല്ലാത്തതുമായ അക്കൗണ്ടുകൾ പ്രയോഗക്ഷമമാക്കുന്നതിനെ സംബന്ധിച്ച്
7. കീറിപ്പറിഞ്ഞതും മുഷിഞ്ഞതുമായ നോട്ടുകൾ മാറ്റിയെടുക്കുന്നതു സംബന്ധിച്ച്
8. കാലാവധിക്കുമുൻപ് സ്ഥിര നിക്ഷേപം പിൻവലിക്കൽ, സ്ഥിര നിക്ഷേപത്തിൽ നിന്ന് വായ്പയെടുക്കുന്നതു സംബന്ധിച്ച്
9. സ്ഥിര നിക്ഷേപം കാലാവധി തീരും മുൻപ് പിൻവലിക്കുന്നതു സംബന്ധിച്ച്
10. മരണപ്പെട്ട അക്കൗണ്ട് ഉടമയുടെ അവകാശ പരിഹാരം സംബന്ധിച്ച്
11. സേവിങ്ങ് ബാങ്ക് അക്കൗണ്ടിനൊപ്പം റുപേ കാർഡ് നൽകുന്നതു സംബന്ധിച്ച് (ബി എസ് ബി ഡി)
12. എടിഎമ്മിൽ നിന്ന് പണം കിട്ടാത്തപ്പോഴും പണം പിൻവലിച്ചതായി സന്ദേശം വന്നാൽ
13. റുപേ കാർഡോ ഡെബിറ്റ് കാർഡോ നഷ്ടപ്പെട്ടാൽ ബാങ്കിനെ അറിയിക്കുന്നതു സംബന്ധിച്ച്
14. പണം ഒരിടത്തു നിന്നും മറ്റൊരിടത്തേക്ക് ബാങ്ക് വഴി അയക്കാനുള്ള സൗകര്യങ്ങൾ
15. ബാങ്കുമായി ബന്ധപ്പെട്ട പരാതികൾ തീർപ്പാക്കാനുള്ള പരിഹാര മാർഗങ്ങൾ
16. പ്രായമായവർക്കും ശാരീരിക വൈകല്യമുള്ളവർക്കും ഉള്ള ഏക ജാലക സൗകര്യങ്ങൾ
17. അക്കൗണ്ട് വിവരങ്ങൾ സ്വകാര്യവും രഹസ്യവുമായി സൂക്ഷിക്കാനുള്ള അവകാശം
18. തെറ്റായ രീതിയിലുള്ള ഉള്ള ഇൻഷുറൻസ് പോളിസി വിപണം
19. ബാങ്കില്ലാത്ത സ്ഥലങ്ങളിൽ ബിസ്സിനെസ്സ് കറസ്പോണ്ടന്റ്/ഫെസിലിറ്റേറ്റർമാരുടെ സഹായം

## 1. ബേസിക് ബാങ്ക് ഡെപ്പോസിറ്റ് അക്കൗണ്ട് തുടങ്ങുന്നതിനെ സംബന്ധിച്ച് (ബി എസ് ബി ഡി)-ചെറിയ അക്കൗണ്ട് വളരെ എളുപ്പം





കുറിപ്പ്: അപേക്ഷാഫോമിൽ ഒരു ഫോട്ടോയും, ഒപ്പ് അല്ലെങ്കിൽ തള്ളവിരലടയാളവും ഉണ്ടെങ്കിൽ ബിഎസ്ബിഡി സ്മാൾ അക്കൗണ്ട് തുടങ്ങാം എന്നാൽ ഇത്തരം അക്കൗണ്ടുകളിൽ നിന്ന് പണം പിൻവലിക്കുന്നതിന് ചില പരിമിതികൾ ഉണ്ട്.

## 2. നിക്ഷേപ അക്കൗണ്ടുകൾക്ക് പ്രത്യേക നിബന്ധനകൾ





കുറിപ്പ്: സ്ഥിര നിക്ഷേപവുമായി ബന്ധപ്പെട്ട എല്ലാ പ്രത്യേക നിബന്ധനകളും സ്ഥിര നിക്ഷേപം തുടങ്ങുമ്പോൾ ഉപഭോക്താക്കളെ അറിയിക്കേണ്ടത് ബാങ്കുകളുടെ സുപ്രധാന ചുമതലയാണ്.

## 3. സേവിങ്ങ് ബാങ്ക് അക്കൗണ്ടിൽ ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ നിക്ഷേപ തുകയെ കുറിച്ചുള്ള നിബന്ധനകൾ





കുറിപ്പ് : ബി എസ് ബി ഡി അക്കൗണ്ടിൽ ബാലൻസ് തുക ഇല്ലെങ്കിലും യാതൊരുവിധ പിഴയും ഈടാക്കുന്നതല്ല.

## 4. നിക്ഷേപ അക്കൗണ്ടുകളിലെ നാമ നിർദേശത്തെ കുറിച്ചുള്ള വിവരങ്ങൾ





കുറിപ്പ്: അക്കൗണ്ട് തുടങ്ങുമ്പോൾ തന്നെ നോമിനിയെ വച്ചാൽ ഭാവിയിലെ പണം പിൻവലിക്കൽ പ്രശ്നങ്ങളിൽ നിന്നും രക്ഷനേടാം.

## 5. സേവിങ്ങ് ബാങ്ക് അക്കൗണ്ടിൽ ചെക്ക് നിക്ഷേപിക്കാനുള്ള മാർഗങ്ങൾ





കുറിപ്പ്: ചെക്ക് നിക്ഷേപിക്കും മുൻപോ കൗണ്ടറിൽ കൊടുക്കും മുൻപോ നിങ്ങളുടെ അക്കൗണ്ട് നമ്പറും ഫോൺ നമ്പറും അല്ലെങ്കിൽ പണം നിക്ഷേപിക്കുന്ന ആളിന്റെ മൊബൈൽ നമ്പർ ചെക്കിന്റെ പിറകുവശത്ത് എഴുതണം.

## 6. നിഷ്ക്രിയമായതും പ്രവർത്തനസാദ്ധ്യമല്ലാത്തതുമായ





കുറിപ്പ്: നിഷ്ക്രിയമായ അക്കൗണ്ടുകൾ പ്രവർത്തിപ്പിക്കാൻ ബാങ്കുകൾ യാതൊരു വിധ ഫീസും ഈടാക്കുന്നതല്ല.

## 7. കീറിപ്പറിഞ്ഞതും മുഷിഞ്ഞതുമായ നോട്ടുകൾ മാറ്റിയെടുക്കുന്നതു സംബന്ധിച്ച്




കുറിപ്പ്: നിങ്ങൾക്ക് ഏതു ബാങ്ക് ശാഖയിലും കീറിയതും, മുഷിഞ്ഞതുമായ നോട്ടുകൾ മാറിയെടുക്കാവുന്നതാണ്.

## 8. കാലാവധിക്ക് മുൻപ് സ്ഥിര നിക്ഷേപം പിൻവലിക്കൽ, സ്ഥിര നിക്ഷേപത്തിൽ വായ്പ എടുക്കുന്നതും സംബന്ധിച്ച്





കുറിപ്പ്: കാലാവധി തീരും മുൻപ് സ്ഥിര നിക്ഷേപം പിൻവലിക്കുകയോ, നിക്ഷേപം ഈടു വച്ച് വായ്പ എടുക്കുകയോ ചെയ്യാം.

## 9. സ്ഥിര നിക്ഷേപം കാലാവധി തീരും മുൻപ് പിൻവലിക്കുന്നത് സംബന്ധിച്ച്





കുറിപ്പ്: കാലാവധിക്ക് മുൻപ് നിക്ഷേപകൻ മരിച്ചാൽ ഒരു പിഴയും ഈടാക്കാതെ തന്നെ നോമിനിയ്ക്ക് നിക്ഷേപ തുക ലഭ്യമാക്കുന്നതാണ്.

## 10. മരണപ്പെട്ട അക്കൗണ്ട് ഉടമയുടെ അവകാശ പരിഹാരം സംബന്ധിച്ച്




കുറിപ്പ്: ഡെപ്പോസിറ്റ് അക്കൗണ്ടിൽ നോമിനി ഇല്ലെങ്കിൽ പോലും (ചില പരിധി വരെ) നിയമപരമായുള്ള അവകാശികൾ മരണ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ്, സത്യവാങ്ങ്മൂലം എന്നിവ ബാങ്കിൽ നൽകിയാൽ 15 ദിവസത്തിനുള്ളിൽ ബാങ്ക് ക്ലെയിം പരിശോധിച്ചു നിക്ഷേപതുക നൽകുന്നതാണ്.

## 11. സേവിങ്ങ് ബാങ്ക് അക്കൗണ്ടിനൊപ്പം റുപേ കാർഡ് നൽകുന്നതു സംബന്ധിച്ച് (ബി എസ് ബി ഡി)




കുറിപ്പ്: സേവിങ്ങ് ബാങ്ക് അക്കൗണ്ടിനൊപ്പം റുപേ കാർഡും എടുക്കുക.
ആരോടും പിൻ നമ്പർ വെളിപ്പെടുത്തരുത്

## 12. എ ടി എമ്മിൽ നിന്നും പണം കിട്ടാത്തപ്പോഴും പണം പിൻവലിച്ചതായി സന്ദേശം വന്നാൽ





കുറിപ്പ്: എടിഎമ്മിൽ നിന്ന് പണം കിട്ടാത്തപ്പോഴും പണം പിൻവലിച്ചതായി സന്ദേശം വന്നാൽ എടിഎമ്മിൽ കാണുന്ന ടോൾ ഫ്രീ നമ്പറിലോ ബാങ്ക് ശാഖയിലോ വിളിച്ച് പരാതി നൽകണം.

## 13. റുപേ കാർഡോ ഡെബിറ്റ് കാർഡോ നഷ്ടപ്പെട്ടാൽ ബാങ്കിനെ അറിയിക്കുന്നതു സംബന്ധിച്ച്




കുറിപ്പ്: നിങ്ങളുടെ റുപേ കാർഡോ ഡെബിറ്റ് കാർഡോ നഷ്ടപ്പെട്ടാൽ ഉടൻ ടോൾ ഫ്രീ നമ്പറിൽ വിളിച്ചോ ബാങ്കിൽ അറിയിച്ചോ കാർഡ് ബ്ലോക്ക് ചെയ്യേണ്ടതാണ്. അങ്ങനെ ചെയ്താൽ ആർക്കും കാർഡ് ദുരുപയോഗം ചെയ്യാൻ സാധിക്കില്ല.

## 14. പണം ഒരിടത്തു നിന്നും മറ്റൊരിടത്തേക്ക് ബാങ്ക് വഴി അയക്കാനുള്ള സൗകര്യങ്ങൾ




കുറിപ്പ്: നിങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും അതേ ബാങ്കിലുള്ള മറ്റൊരാളുടെ അക്കൗണ്ടിലേക്ക് പണം ട്രാൻസ്ഫർ ചെയ്യാൻ വളരെ പെട്ടെന്ന് സാധിക്കും.

## 15. പരാതികൾ തീർപ്പാക്കാനുള്ള പരിഹാര വഴികൾ













### പരാതി പരിഹാര പ്രക്രിയ

താങ്കളുടെ ബാങ്ക് ശാഖയിൽ പരാതി നൽകുവാൻ താഴെ പറയുന്ന വ്യക്തിയെ ബന്ധപ്പെടുക.

ശാഖാ മാനേജർ ശ്രീ/ശ്രീമതി.................................................

വിലാസം: ..................................................................

ഫോൺ നമ്പർ :.............................................................

ഇ–മെയിൽ വിലാസം :.....................................................

താങ്കളുടെ പരിതിക്ക് പരിഹാരം ലഭിച്ചില്ലെങ്കിലോ ശാഖാ മാനേജർ നൽകിയ പരിഹാര നടപടിയിൽ തൃപ്തനല്ലെങ്കിലോ താഴെപറയുന്ന റീജിയണൽ/സോണൽ മേധാവിയെയോ നോഡൽ ഉദ്യോഗസ്ഥനേയോ ബന്ധപ്പെടുക.

ശ്രീ/ശ്രീമതി:.................................................................

വിലാസം:....................................................................

ഫോൺ നമ്പർ :.............................................................

ഇ–മെയിൽ വിലാസം :.....................................................

30 ദിവസങ്ങൾക്കുള്ളിൽ പരാതി പരിഹൃതമായില്ലെങ്കിലോ ബാങ്കിന്റെ മറുപടി തൃപ്തികരമല്ലെങ്കിലോ താഴെക്കാണുന്ന വിലാസത്തിൽ ബാങ്കിങ്ങ് ഓംബുഡ്സ്മാനെ സമീപിക്കുക.

ബാങ്കിങ്ങ് ഓംബുഡ്സ്മാൻ

ശ്രീ/ശ്രീമതി:.................................................................

വിലാസം:....................................................................


ഫോൺ നമ്പർ :.............................................................

ഇ–മെയിൽ വിലാസം :.....................................................




കുറിപ്പ്: ബാങ്ക് സേവനങ്ങളിൽ നിങ്ങൾ നംതൃപ്തനല്ലെങ്കിൽ ബാങ്ക് മാനേജരെ അറിയിക്കുകയോ ടോൾ ഫ്രീ നമ്പറിൽ പരാതിപ്പെടുകയോ ചെയ്യാവുന്നതാണ്.

## 16. പ്രായമായവർക്കും ശാരീരിക വൈകല്യമുള്ളവർക്കും ഉള്ള ഏക ജാലക സൗകര്യങ്ങൾ




കുറിപ്പ്: മുതിർന്ന പൗരന്മാർക്കും, ശാരീരിക വൈകല്യമുള്ളവർക്കും ഏക ജാലക സൗകര്യം ബാങ്കുകൾ നിർബന്ധമായും ഒരുക്കേണ്ടതാണ്.

## 17. അക്കൗണ്ട് വിവരങ്ങൾ സ്വകാര്യവും രഹസ്യവുമായി സൂക്ഷിക്കാനുള്ള അവകാശം





കുറിപ്പ്: ഉപഭോക്താക്കളുടെ അക്കൗണ്ട് വിവരങ്ങൾ കുടുംബാംഗങ്ങളോടു പോലും ബാങ്ക് വെളിപ്പെടുത്താറില്ല




കുറിപ്പ്: ഇൻഷുറൻസിലും മ്യൂച്ചൽ ഫണ്ടിലും മറ്റും നിക്ഷേപിക്കുന്ന പണം മാർക്കറ്റ് റിസ്കിനും അനവധി നിബന്ധനകൾക്കും വിധേയമായതിനാൽ പ്രസ്തുത സ്കീമുകളെക്കുറിച്ച് മനസിലാക്കിയതിനു ശേഷം മാത്രം പണം നിക്ഷേപിക്കുക. ബാങ്ക് ജീവനക്കാർ ഒരിക്കലും ഇൻഷുറൻസ് പോളിസിയിലോ മ്യൂച്ചൽ ഫണ്ടിലോ പണം നിക്ഷേപിക്കാൻ ഇടപാടുകാരെ നിർബന്ധിക്കുന്നതല്ല.

## 19. ബാങ്കില്ലാത്ത സ്ഥലങ്ങളിൽ ബിസിനസ് കറസ്പോണ്ടന്റ്/ഫെസിലിറ്റേറ്റർമാരുടെ സഹായ വിവരങ്ങൾ




കുറിപ്പ്: എവിടെയെങ്കിലും ബാങ്ക് ശാഖയില്ലെങ്കിൽ അവിടേക്ക് നമ്മെ സഹായിക്കാനായി ബാങ്കുകൾ ബിസ്സിനെസ്സ് കറസ്പോണ്ടൻസിനെയും, ഫെസിലിറ്റേഴ്സിനെയും നിയമിച്ചിട്ടുണ്ട്.

## ഉപഭോക്താക്കൾക്കായുള്ള സുപ്രധാന വിവരങ്ങൾ

1. ബി എസ് ബി ഡി ചെറിയ അക്കൗണ്ട് തുറക്കൽ വളരെ വളരെ എളുപ്പമാണ്
2. ബാങ്ക് അക്കൗണ്ട് തുറക്കും മുൻപ് എല്ലാ പ്രത്യേക നിബന്ധനകളും വായിച്ചു മനസിലാക്കുക
3. സേവിങ് അക്കൗണ്ടിനും ഫിക്സഡ് ഡെപ്പോസിറ്റ് അക്കൗണ്ടിനും (നിശ്ചതകാല നിക്ഷേപം) അവകാശിയെ (നോമിനിയെ) നിർദ്ദേശിക്കുക.
4. ഫിക്സഡ് ഡെപ്പോസിറ്റ് (നിശ്ചിതകാല നിക്ഷേപം) കാലാവധിക്ക് മുൻപ് പിൻവലിക്കാം, നിക്ഷേപം ഈടായി നിറുത്തി വായ്പയും എടുക്കാം.
5. ബാങ്ക് അക്കൗണ്ടിനൊപ്പം എടിഎം/റുപേ കാർഡും എടുക്കുക. ഇത് പണം പിൻവലിക്കൽ എളുപ്പമാക്കും.
6. റുപേ കാർഡും/എടിഎം കാർഡും സൂക്ഷിച്ചു കൈകാര്യം ചെയ്യുക. ഇതിന്റെ നമ്പറും പിൻ നമ്പറും ആരോടും വെളിപ്പെടുത്തരുത് (ബാങ്ക് ജീവനക്കാരോടും പോലും)
7. എടിഎം/റുപേ കാർഡ് നഷ്ടപെട്ടാലോ, എടിഎം മ്മിൽ നിന്നു പണം എടുത്തതായി സന്ദേശം വന്നിട്ട് പണം കിട്ടാതെ വന്നാലോ ഉടൻ ബാങ്കിൽ അറിയിക്കുക
8. ചില ബാങ്ക് ഇടപാടുകൾ എങ്കിലും സ്ഥിരമായി നടത്തുക. 2 വർഷത്തിൽ ഒരിയ്ക്കലെങ്കിലും ഒരു പണമിടലോ, പിൻ വലിക്കലോ എങ്കിലും ഇടപാടായി നടത്തി അക്കൗണ്ട് സജീവമായി നിലനിറുത്തുക
9. ബാങ്കിങ് സേവനത്തിൽ എന്തെങ്കിലും അതൃപ്തി ഉണ്ടെങ്കിൽ ബാങ്ക് മാനേജരെയോ അല്ലെങ്കിൽ ടോൾ ഫ്രീ നമ്പറിലോ അറിയിക്കുക
10. മുതിർന്ന പൗരന്മാർക്കും ശാരീരിക വൈകല്യമുള്ളവർക്കും ബാങ്ക് എല്ലാ വിധ സൗകര്യങ്ങളും ഏകജാലക സൗകര്യവും ഒരുക്കിയിട്ടുണ്ട്.
11. ബാങ്ക് ശാഖ ഇല്ലാത്ത സ്ഥലങ്ങളിൽ സഹായങ്ങൾക്കായി ബിസിനസ് കറസ്പോണ്ടൻസിനെയും, ഫെസിലിറ്റേഴ്സിനെയും ബാങ്കുകൾ നിയമിച്ചിട്ടുണ്ട്.
12. ബാങ്കിങ്ങ് കോഡ്സ്, സുതാര്യവുമായ ഇടപാടുകൾക്കായി നിങ്ങളുടെ എല്ലാ അവകാശങ്ങളും പറഞ്ഞു തരുന്നു. അതുമൂലം ബാങ്കുകൾ ന്യായവും സുതാര്യമായ രീതിയിൽ സേവനങ്ങൾ ഏർപ്പാടാക്കിയിരിക്കുന്നു. ബാങ്കിങ്ങ് ചട്ടങ്ങളും കർത്തവ്യങ്ങളും അടങ്ങിയ ബാങ്കിങ്ങ് കോഡ്സിനെക്കുറിച്ച് ഇടപാടുകാർ അറിഞ്ഞിരിക്കേണ്ടതാണ്.

---

പകർപ്പവകാശം
ഇതിന്റെ ഉള്ളടക്കം പ്രസാധകരുടെ അനുമതിയോടെ മാത്രം ഉപയോഗിക്കുക.

മുന്നറിയിപ്പ്
വിവിധ ബാങ്കിങ്ങ് സേവനങ്ങളെയും അവകാശങ്ങളെയും കുറിച്ച് ഉപഭോക്താക്കളെ പരിശീലിപ്പിക്കുക എന്ന ഉദ്ദ്യേശ്യത്തോടെയാണ് ഈ പ്രസിദ്ധീകരണം പുറത്തിറക്കിയിരിക്കുന്നത്.
ഈ വിവരങ്ങൾ വിവേകപൂർവ്വം ഉപയോഗിക്കുവാൻ ശുപാർശ ചെയ്യുന്നു.

ആദ്യമായി പ്രസിദ്ധീകരിച്ചത് ഒക്ടോബർ 2016

ബാങ്കിങ്ങ് കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ് ബോർഡ് ഓഫ് ഇന്ത്യ

www.bcsbi.org.in